**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 668** **28-01-2026 - ൽ മറുപടിയ്ക്ക്**

**അളഗപ്പ ടെക്സ്റ്റൈൽ മിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് മണ്ഡലത്തിലെ അളഗപ്പ ടെക്സ്റ്റൈൽ മില്ലിന്റെ പ്രവർത്തനം നിലച്ചിട്ട് വർഷങ്ങൾ പിന്നിടുകയും അടച്ചുപൂട്ടപ്പെടുകയും ചെയ്യപ്പെട്ട സാഹചര്യത്തിൽ പ്രസ്തുത സ്ഥാപനം വീണ്ടും തുറന്ന് പ്രവർത്തിപ്പിക്കുന്നതിനായി ഏതെങ്കിലും ഇടപെടലുകളോ നടപടികളോ സർക്കാർ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | എൻ.ടി.സി. മില്ലുകൾ തുറന്ന് പ്രവർത്തിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം സർക്കാർ പരിശോധിക്കുകയും, കേന്ദ്ര സർക്കാരിന് കത്ത് നൽകുകയും ചെയ്തിരുന്നു. എൻ.ടി.സി. മില്ലുകളുടെ മോശം സാമ്പത്തിക ശേഷിയുടെ വെളിച്ചത്തിൽ നീതി ആയോഗുമായും ധനമന്ത്രാലയത്തിന്റെ പൊതുമേഖലയെ സംബന്ധിച്ച വകുപ്പുമായും ആലോചിച്ച് ടെക്സ്റ്റൈൽ മന്ത്രാലയം ഒരു കർമ്മ പദ്ധതി തയ്യാറാക്കി വരുന്നു എന്ന് കേന്ദ്ര ടെക്സ്റ്റൈൽ വകുപ്പുമന്ത്രി സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| (ബി) | എൻ.ടി.സി.ക്ക് കൈമാറിയ പ്രസ്തുത സ്ഥലം തിരിച്ചെടുത്ത് കിൻഫ്ര പാർക്ക് പോലുള്ള സംരംഭങ്ങൾ അവിടെ സ്ഥാപിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സഹായകരമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | കേന്ദ്ര സർക്കാർ തലത്തിൽ അനുമതി ലഭിക്കുകയാണെങ്കിൽ അത്തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ